പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1656

04-12-2018-ൽ മറുപടിക്ക്

## കാർഷിക തൊഴിലാളി ക്ഷാമം

**ചോദ്യം**

ശ്രീ. യു.ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദഗ്ദരായ കാർഷിക തൊഴിലാളികളുടെ കുറവ് നിമിത്തം കർഷകർ വലിയ തോതിൽ ബുദ്ധിമുട്ടുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിദഗ്ദരായ കാർഷിക തൊഴിലാളികളുടെ കുറവ് കാർഷികോൽപ്പാദനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് കാർഷിക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | വിദഗ്ദരായ കാർഷിക തൊഴിലാളികളുടെ കുറവ് കാർഷികോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് കാർഷിക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ നടപടികൾ എടുത്തുവരുന്നു.<br>ഇതിലേയ്ക്കായി എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് കാർഷിക യന്ത്രവൽക്കരണവും വിദഗ്ദരായ കർഷക തൊഴിലാളികളുടെ സേവനവും ഉറപ്പുവരുത്തുന്ന പദ്ധതി തുടരുന്നു. നാളിതുവരെ 79 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 13 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ട്. ഇത്തരം അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങൾക്ക് വിദഗ്ദ പരിശീലനവും നൽകിവരുന്നു. കൂടാതെ തൊഴിലാളികളുടെ ലഭ്യതയും കൃത്യമായ സേവനവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിൽ 200 കാർഷിക കർമ്മസേനകൾ നിലവിലുണ്ട്. ഈ വർഷം 100 പഞ്ചായത്തുകളിൽ പുതിയതായി കാർഷിക |

| | | | |
|---|---|---|---|
| | | | കർമ്മ സേനകൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ കാർഷിക കർമ്മസേനകൾക്ക് യന്ത്രങ്ങൾ നൽകി കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ കാർഷിക സേവന കേന്ദ്രത്തിലും / കാർഷിക കർമ്മ സേനയിലും കുറഞ്ഞത് 25 മുതൽ 35 വരെ സേവനദായകരെ വീതം പരിശീലിപ്പിച്ച് തയ്യാറാക്കി കാർഷിക പ്രവൃത്തികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആവശ്യാനുസരണം വിദഗ്ദരായ സേവനദായകരുടെ എണ്ണം വർദ്ധിപ്പിച്ച് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 79 കാർഷിക സേവന കേന്ദ്രങ്ങളിലും, 200 കാർഷിക കർമ്മ സേനകളിലും കൂടി 3039 സേവനദായകർ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ